# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2132

07.07.2015-ൽ മറുപടിക്ക്

### സങ്കേതം ഭവന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. എ. മാധവൻ:<br>,, ടി. എൻ. പ്രതാപൻ:<br>,, പാലോട് രവി:<br>,, ലൂഡി ലൂയിസ്: | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സങ്കേതം ഭവന പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; | (എ) | 2012 വർഷത്തെ ബജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച സങ്കേതം ഭവന പദ്ധതിക്ക് 08.05.2013- ലെ സ.ഉ (എം.എസ്) നം. 15/2013/ഭവനം ഉത്തരവിലൂടെ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ:<br><br>(സി) വരുമാനം കുറഞ്ഞവർക്കായി, സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) യും (സി) യും | ഇടത്തരവരുമാനക്കാർക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗുണഭോക്തൃ വിഹിതവും സർക്കാർ സബ്സിഡിയും ഉപയോഗിച്ച് ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് ഭൂമി അനുവദിക്കുമ്പോൾ അതിൽ 400 ച. അടി വിസ്തീർണ്ണം വരുന്ന ഫ്ലാറ്റുകളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഒരു ഫ്ലാറ്റിന്റെ നിർമ്മാണച്ചെലവായ 5 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 2 ലക്ഷം രൂപ പഞ്ചായത്തുകൾ വായ്പയായി സമാഹരിക്കുന്ന തുകയും 1 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഫ്ലാറ്റുകൾ പൂർത്തിയാകുന്ന മുറക്ക് ഗുണഭോക്താവിന് അലോട്ട് ചെയ്യുന്നതിനായി അതാത് പഞ്ചായത്തിനുതന്നെ കൈമാറുന്നതും ഗുണഭോക്താവ് വായ്പാ തിരിച്ചടവിനായി പഞ്ചായത്തുമായി കരാറിലേർപ്പെട്ട ശേഷം ഫ്ലാറ്റുകൾ സ്വന്തമാക്കാവുന്നതുമാണ്. |

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് പദ്ധതി ഭൂമി ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും അനുയോജ്യമായ ഭൂമി ലഭ്യമായിട്ടില്ല.

സെക്ഷൻ ഓഫീസർ